# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഏപ്രിൽ 30**

---

## എം.ജി ക്യാറ്റ്; ഓൺലൈൻ രജിസ്ട്രേഷൻ മെയ് അഞ്ചിന് അവസാനിക്കും

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പുകളിലും ഇന്റർ സ്കൂൾ സെന്ററുകളിലും എം.എ, എം.എസ്സി, എം.ടി.ടി.എം, എൽ.എൽ.എം. എം.എഡ്, എം.പി.ഇ.എസ്, എം.ബി.എ പ്രോഗ്രാമുകളിൽ 2024 വർഷത്തെ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ മെയ് അഞ്ചിന് അവസാനിക്കും.

പ്രോഗ്രാമുകൾ, യോഗ്യത, പ്രവേശന നടപടികൾ, സീറ്റുകളുടെ എണ്ണം, പരീക്ഷാ ഷെഡ്യൂൾ തുടങ്ങിയ വിവരങ്ങൾ https://cat.mgu.ac.in/ എന്ന വെബ്സൈറ്റിൽ ലഭിക്കും. അവസാന സെമസ്റ്റർ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. എം.എഡ് പ്രോഗ്രാമിന് യോഗ്യതാ പരീക്ഷയുടെ അവസാന രണ്ടു സെമസ്റ്ററുകളിലെ ഫലം കാത്തിരിക്കുന്നവരെയും പരിഗണിക്കും. അതത് പഠന വകുപ്പുകൾ പ്രവേശനത്തിനായി നിഷ്കർഷിക്കുന്ന തീയതിക്കുള്ളിൽ അക്ഷേകൾ നിശ്ചിത യോഗ്യത നേടിയിരിക്കണം.

എം.ബി.എ ഒഴികെയുള്ള പ്രോഗ്രാമുകളിലേയ്ക്ക് https://cat.mgu.ac.in/ എന്ന വെബ്സൈറ്റ് വഴിയും എം.ബി.എയ്ക്ക് https://admission.mgu.ac.in എന്ന വെബ്സൈറ്റ് വഴിയുമാണ് അപേക്ഷ നൽകേണ്ടത്. എം.ബി.എ പ്രോഗ്രാമിന് സർവകലാശാല പൊതു പ്രവേശന പരീക്ഷ നടത്തുന്നതല്ല. പ്രവേശന പരീക്ഷ മെയ് 17,18 തീയതികളിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ പരീക്ഷാ കേന്ദ്രങ്ങളിൽ നടക്കും.

ഫോൺ: 0481 2733595, ഇ-മെയിൽ: cat@mgu.ac.in എം.ബി.എ പ്രോഗ്രാം സംബന്ധിച്ച വിവരങ്ങൾ 0481 2733367 എന്ന ഫോൺ നമ്പറിലും smbs@mgu.ac.in എന്ന ഇ-മെയിലിലും ലഭിക്കും.
(പി.ആർ.ഒ/39/326/2024)

## എം.ജിയിൽ നവമാധ്യമ പരിശീലനത്തിന് സമ്മർ ക്യാമ്പ്

നവ മാധ്യമ രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ പരിശീലിപ്പിക്കുന്നതിനും,

സാധ്യതകൾ പരിചയപ്പെടുത്തുന്നതിനുമായി മഹാത്മാഗാന്ധി സർവ്വകലാശാല ലൈബ്രറിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന സമ്മർ ക്യാമ്പ്-സമ്മർ ഡിജി ടോക്ക് മെയ് 16, 17 തീയതികളിൽ നടക്കും.

പ്രായോഗിക പരിശീലനവും പ്രോജക്ടുകളും ഉൾപ്പെടുന്ന ക്യാമ്പിൽ 16 മുതൽ 25 വരെ പ്രായമുള്ളവർക്കാണ് അവവസരം. നവ മാധ്യമ രംഗത്തെ പ്രമുഖർ നേതൃത്വം നൽകും. ഡിജിറ്റൽ കണ്ടൻറ് തയ്യാറാക്കൽ, മൊബൈൽ ജേണലിസം, മൾട്ടിമീഡിയ പ്രൊഡക്ഷൻ, കണ്ടൻറ് ക്രിയേഷനും എ.ഐ ടൂളുകളും, പ്രൊജക്ട് പ്രസൻറേഷൻ ആൻറ് റിവ്യൂ, ഫാക്ട് ചെക്കിംഗ്, ഡിജിറ്റൽ ഫോട്ടോഗ്രാഫി തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വിശദീകരിക്കും.

രാവിലെ 10 മുതൽ വൈകുന്നേരം 4.30 വരെയാണ് ക്യാമ്പ് സമയം. പ്രവേശന ഫീസ് 800 രൂപ. കൂടുതൽ വിവരങ്ങൾക്കും, രജിസ്ട്രേഷനും മഹാത്മാഗാന്ധി സർവ്വകലാശാല ലൈബ്രറിയുടെ വെബ് സൈറ്റ്(https://library.mgu.ac.in/) സന്ദർശിക്കുക. ഫോൺ-9495161509, 8289896323. മാതൃഭൂമി മീഡിയ സ്കൂളിൻറെ സഹകരണത്തോടെയാണ് ക്യാമ്പ സംഘടിപ്പിക്കുന്നത്.
(പി.ആർ.ഒ/39/327/2024)

## ആദ്യ മാസം ഡ്രോൺ പറത്താൻ പഠിച്ചത് 30 പേർ;എം.ജിയിൽ പുതിയ ബാച്ചുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൻറെ അംഗീകാരമുള്ള സ്മോൾ കാറ്റഗറി ഡ്രോൺ പൈലറ്റ് പരിശീലന പരിപാടി ആദ്യ മാസം വിജയകരമായി പൂർത്തീകരിച്ചത് 30 പേർ. ഏപ്രിൽ മാസത്തിൽ നാലു ബാച്ചുകളിലായാണ് ഇവർ പരിശീലനം നേടിയത്.

സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസിനു കീഴിൽ പ്രവർത്തിക്കുന്ന ഡോ. ആർ. സതീഷ് സെൻറർ ഫോർ റിമോട്ട് സെൻസിംഗ് ആൻറ് ജി.ഐ.എസാണ് ഏഷ്യാ സോഫ്റ്റ് ലാബിൻറെ സാങ്കേതിക സഹകരണത്തോടെ ഒരാഴ്ച്ചത്തെ കോഴ്സ് നടത്തുന്നത്.

മെയ് മാസത്തെ ബാച്ചുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. തിയറിയും പ്രായോഗിക പരിശീലനവും ഉൾപ്പെടുന്നതാണ് പരിശീലനം. ഡ്രോണുകൾ പറത്താൻ പഠിക്കുന്നതിനു പുറമെ അസംബ്ലിംഗ്, അറ്റകുറ്റപ്പണികൾ എന്നിവയും ഡ്രോൺ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളും മനസിലാനാകും. പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് അംഗീകൃത റിമോട്ട് പൈലറ്റ് ലൈസൻസ് ലഭിക്കും.

പതിനെട്ടിനും അറുപതിനും ഇടയിൽ പ്രായമുള്ള പത്താം ക്ലാസ് വിജയിച്ചവർക്ക് അപേക്ഷിക്കാം. അപേക്ഷാ ഫോറവും കൂടുതൽ വിവരങ്ങളും https://ses.mgu.ac.in, https://asiasoftlab.in എന്നീ ലിങ്കുകളിൽ ലഭിക്കും. ഫോൺ - 7012147575,93953446, 9446767451 . ഇ മെയിൽ - uavsemgu@gmail.com,info@asiasoftlab.
(പി.ആർ.ഒ/39/328/2024)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി(2021 അഡ്മിഷൻ റെഗുലർ, 2028, 2019, 2020 അഡ്മിഷനുകൾ സപ്ലിമെന്ററി), നാലാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി 2017 അഡ്മിഷൻ സപ്ലിമെന്ററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്,  2014 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) നവംബർ 2023 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച്  മെയ് 14 വരെ അപേക്ഷിക്കാം.
(പി.ആർ.ഒ/39/329/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**